26. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ
27. മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്
28. ഹാർഡ്വെയർ എഞ്ചിനീയർ
29. മാനേജിംഗ് ഡയറക്ടർ

(ഡി) ഓരോ കേന്ദ്രത്തിൽ നിന്നും 1998-99-ൽ ലഭിച്ച വരുമാനത്തിന്റെ കണക്ക്, ശമ്പള ഇനത്തിൽ ചെലവഴിച്ച തുക എന്നിവ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. സെന്ററിനെ അതിന്റെ എല്ലാ കേന്ദ്രങ്ങളും ചേർന്ന് ഒറ്റ യൂണിറ്റായിട്ടാണ് കണക്കാക്കി വരുന്നത്. അതുകൊണ്ട് ഓരോ കേന്ദ്രത്തിന്റെയും ലാഭനഷ്ടം പ്രത്യേകം കണക്കാക്കി വരുന്നില്ല.

(ഇ) കരാർ/ദിവസകൂലി വ്യവസ്ഥയിൽ സെന്ററിൽ 641 പേർ ജോലി ചെയ്യുന്നുണ്ട്.

(എഫ്) താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് അത്യാവശ്യം കണക്കിലെടുത്താണ്. ഓരോ സന്ദർഭത്തിനും അനുയോജ്യമായ മാർഗ്ഗം സ്വീകരിച്ച് താൽക്കാലിക നിയമനം നടത്തി വരുന്നു.

കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ചാൻസിലർ നോമിനേറ്റ് ചെയ്യുന്നവർ

88 (2068) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 17 (അദർമെമ്പേഴ്സ്) അനുസരിച്ച് കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ചാൻസലർ എത്ര പേരെ നോമിനേറ്റ് ചെയ്തിട്ടുണ്ട് ;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ടവരെയാണ് നോമിനേഷൻ നടത്തിയിട്ടുള്ളത് ;

(സി) റെക്കഗ്നൈസ്ഡ് കൾച്ചറൽ അസോസിയേഷന്റെ പ്രതിനിധിയായി ആരെയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത് ;

(ഡി) അദ്ദേഹം പ്രതിനിധീകരിക്കുന്ന കൾച്ചറൽ അസോസിയേഷൻ ഏതാണ് ; ഈ അസോസിയേഷന് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഇ) അംഗീകാരം ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനേഷൻ പിൻവലിച്ച് അംഗീകാരമുള്ള അസോസിയേഷൻ പ്രതിനിധിയെ നോമിനേറ്റ് ചെയ്യുവാൻ നടപടിയെടുക്കുമോ ;

ഉത്തരം

(എ) 17

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, അദ്ധ്യാപകർ, അംഗീകൃത ഗവേഷണ സ്ഥാപനങ്ങളുടെ പ്രതിനിധി, അംഗീകൃത കൾച്ചറൽ അസോസിയേഷനുകളുടെ പ്രതിനിധി, ചേംബേഴ്സ് ഓഫ് കൊമേഴ്സിന്റെ പ്രതിനിധി, ഇൻഡസ്ട്രീസിന്റെ പ്രതിനിധി, എഴുത്തുകാരുടെ പ്രതിനിധി, ജേർണലിസ്റ്റുകളുടെ പ്രതിനിധി, വക്കീലന്മാരുടെ പ്രതിനിധി, സ്പോർട്സ് പ്രതിനിധി, ഭാഷാന്യൂനപക്ഷ പ്രതിനിധി, ഹ്യൂമാനിറ്റീസ്, സയൻസ്, സ്പോർട്ട്സ്, ഫൈൻ ആർട്സ് മേഖലകളിലെ വിദ്യാർത്ഥിപ്രതിനിധികൾ എന്നിവരെയാണ് നോമിനേറ്റ് ചെയ്തിട്ടുള്ളത്.

(സി) ശ്രീ. കെ. എൻ. ബാലഗോപാൽ

(ഡി&ഇ) അതാതുമേഖലകളിൽ നിന്നും അർഹതയുള്ളവരെ നോമിനേറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണാധികാരം ചാൻസിലറിൽ നിക്ഷിപ്തമാണ്.

കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ചാൻസലർ നോമിനേറ്റ് ചെയ്യപ്പെടുന്നവർ

89 (2069) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 17 (അദർ മെമ്പേഴ്സ്) അനുസരിച്ച് സെനറ്റിലേക്ക് ചാൻസലർ നോമിനേഷൻ നടത്തിയിട്ടുണ്ടോ ;

(ബി) ഭാഷാ ന്യൂനപക്ഷ വിഭാഗത്തിലേക്ക് ആരെയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത് ;

(സി) അദ്ദേഹം ഏത് ന്യൂനപക്ഷ ഭാഷയുടെ പ്രതിനിധിയാണ് ;

(ഡി) ന്യൂനപക്ഷ ഭാഷാപ്രതിനിധി അല്ലായെങ്കിൽ യഥാർത്ഥ ന്യൂനപക്ഷ ഭാഷാപ്രതിനിധിയെ നോമിനേറ്റ് ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എസ്. രംഗനാഥൻ

(സി&ഡി) നോമിനേഷൻ നടത്തുന്നതിനുള്ള പൂർണ്ണ അധികാരം ചാൻസിലറിൽ നിക്ഷിപ്തമാണ്. അതാതു മേഖലകളിൽ അർഹതപ്പെട്ടവരെ ചാൻസലർ സെനറ്റിലേക്ക് നോമിനേറ്റ് ചെയ്യുന്നു.

കേരള യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ സിൻഡിക്കേറ്റിലെ അംഗങ്ങളായിരുന്ന അദ്ധ്യാപക പ്രതിനിധികളുടെ റ്റി.എ.

90 (2070) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly